ശ്രീ. കെ. എം. കോര: കൊച്ചിയെ സംബന്ധിച്ചിടത്തോളം മറെറാരു പ ദ്ധതിയായിരുന്നു നടപ്പിലുണ്ടായിരുന്നതു്. ഇപ്പോൾ ഈ കൊല്ലം നെല്ല മുവ മെൻറ റിസ്ട്രിക്ഷൻ എടുത്തുകളഞ്ഞതിട്ടുണ്ടു് അതുകൊണ്ടാണു്.

ശ്രീ. കെ. എ. മാത്യു: ഓരോ താലൂക്കിൽനിന്നും ഇത്ര നെല്ലുവീതം എടു ക്കണമെന്നു് കണക്കുണ്ടോ?

ശ്രീ. കെ. എം. കോര: ഒരേക്കറിലുള്ള റേറ് അനുസരിച്ചുചെയ്യണം.

ശ്രീ. കെ. എ. മാത്യു: അതിനു ഒരുടാർജറേ വച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതു് ഏക്കർ ബേസിസിൽ വച്ചിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: അങ്ങനെ വച്ചിട്ടുണ്ടായിരുന്നതിൽനിന്നും ഇപ്പോൾ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ചിലസ്ഥലങ്ങളിൽ ഇരുപ്പുനിലങ്ങളും ചില സ്ഥലങ്ങളിൽ മൂന്നുപൂവുള്ള നിലങ്ങളും ഉണ്ടു്. അതനുസരിച്ചു വ്യത്യാസപ്പെ ടുത്തിയിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: ഈ ടാർജറേ കൊച്ചിയിൽ കുറച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: നോട്ടീസുവേണം.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയെ സംബന്ധിച്ചിടത്തോളം ലെവിസിസ്റ്റം നടപ്പിൽ വന്നിട്ടില്ല. അതുകൊണ്ടു് ബഹു. മെമ്പർ അവിടെ ലെവിസിസ്റ്റം ന ടപ്പിൽ വന്നിട്ടുണ്ടോയെന്നു് അന്വേഷിച്ചു വേണ്ടതു ചെയ്യാമോ? കൊച്ചിയെ സംബന്ധിച്ചിടത്തോളം ലെവിസിസ്റ്റം ഏട്ടിലെ പശു ആണു്.

ശ്രീ. കെ. എം കോര: അതിനെക്കുറിച്ചു അന്വേഷിക്കാം.

ശ്രീ. എ. താണുപിള്ള: കൊച്ചിയിൽ ഇങ്ങനെ കുറവുവന്നതിന്റെ കാര ണം മുമ്പു അവിടെ ഉണ്ടായിരുന്ന സിസ്റ്റം കുറെകൂടി കാര്യക്ഷമമായിരുന്നതുകൊ ണ്ടാണെന്നു് മനസ്സിലാക്കുന്നതിൽ തെറ്റുണ്ടോ?

ശ്രീ. കെ. എം. കോര: ഏതായാലും അതിനെക്കുറിച്ചു അന്വേഷിക്കാം.

കുടിപാർപ്പു്

* നമ്പ (മറു) ശ്രീ. കുഞ്ഞൻനായ്പ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കുടിപാപ്പിനു സ്വന്തമായി സ്ഥലമില്ലാത്തവരുടെ ലിസ്റ്റു് തിരുവി താംകൂർ–കൊച്ചി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും ലഭിക്കുന്നതിനു ഓരോ താലൂക്കുകളിലേയും തഹശീൽദാരന്മാർക്കും ഗവൺമെൻറിൽനിന്നും ഉത്തര വുകൾ അയച്ചിരുന്നോ?

(ബി) എങ്കിൽ എല്ലാ താലൂക്കുകളിൽനിന്നും അതിലേയ്ക്കു വേണ്ട വിവരം ലഭിച്ചിട്ടുണ്ടോ;

(സി) അങ്ങനെ ഒരുലിസ്റ്റാവശ്യപ്പെട്ടതു് എന്തുദ്ദേശത്തിന്മേലാണു്;

(ഡി) കുടിപാർപ്പിനു സ്വന്തമായി സ്ഥലമില്ലാത്ത ആർക്കെങ്കിലും അതി ലേയ്ക്കു വല്ല സ്ഥലവും ഗവൺമെൻറിൽനിന്നും കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടുണ്ടെ ങ്കിൽ ഏതേതു താലൂക്കുകളിൽ, എത്ര ആളുകൾക്കു്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) അയച്ചിരുന്നു.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വന്തമായി കുടിപാർപ്പിനു് സ്ഥലം ഇല്ലാത്തവക്കു് സ്ഥലം മുതലായവ നൽകുക, മുതലായപദ്ധതികൾ തയാറാക്കുന്നതിനുവേണ്ടി.

(ഡി) കൊടുത്തിട്ടില്ല. ആവശ്യമായ പദ്ധതി തയാറാക്കിയിട്ടുണ്ടു്. അതനുസരിച്ചുവേണ്ട നടപടി എടുത്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സ്വന്തമായി സ്ഥലമില്ലാത്ത ആളുകൾ കൂടുതൽ ഏതു താലൂക്കിലാണു്.

ശ്രീ. എൽ. എം. പൈലി: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇതിനു ഒരു സ്കീം ഗവൺമെൻറിന്റെ കയ്യിലുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഉണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഒരോ താലൂക്കിലും സ്വന്തമായി സ്ഥലമില്ലാത്തവർ എത്ര ഉണ്ടെന്നുള്ളതു് തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഓരോ താലൂക്കിലെയും ഉള്ളവിവരമില്ല. ആകപ്പാടെ ദരിദ്രരായ കുടുംബങ്ങൾ ഉണ്ടെന്നാണു്.

ശ്രീ. ടി. വി. ദേവൻ: ഈ ലിസ്റ്റിൽ ഉൾപ്പെടാതെ സ്വന്തമായി സ്ഥലമില്ലാത്ത ആളുകൾ ഉണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ ഉണ്ടെന്നു ഗവൺമെൻറിനു അറിവു ലഭിക്കുകയാണെങ്കിൽ വേണ്ടതു ചെയ്യാം.

ശ്രീ. കെ ഏ. മാത്യു: കുടിപാർപ്പിനു സ്ഥലമില്ലാത്തവക്കു് സ്ഥലംകൊടുക്കുന്നതിനു് ഓരോ താലൂക്കിലും എത്രമാത്രം സ്ഥലം വേണ്ടിവരുമെന്നു് ഉള്ളതിനു കണക്കു എടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ കണക്കു എടുത്തിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: വേണ്ടനടപടികൾ എടുത്തുതുടങ്ങിയിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. എന്തുനടപടിയാണു് എടുത്തിട്ടുള്ളതു്?

Sri. L. M. Pylee: The proposal is to provide each family with house site of 5 cents of land in urban areas and 10 cents in rural areas, building materials and a monetary aid at the rate of Rs. 50 for labour charge. The cost of building materials comes to Rs. 250 per house.

അങ്ങനെ ഒരു ലക്ഷംരൂപാ ആവശ്യമുണ്ടെന്നു് കണ്ടതുകൊണ്ടു് ഒരു സപ്ലിമെൻററി ഗ്രാൻറു കൊണ്ടുവരണമെന്നു് ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: വലിയ ഭൂസ്വത്തു ഉടമസ്ഥന്മാർ സൗജന്യമായി സ്ഥലംകൊടുക്കാമെന്നു സമ്മതിക്കുകയോ അവരോടു ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസുവേണം.

ശ്രീ. എ. പി. ഉദയഭാനു: വണ്ടൻമേടു്, പേരൂർക്കട, മുതലായസ്ഥലങ്ങളിലെ ഹൗസിംഗ് സ്കീം ഈ പ്രാവശ്യം സാധ്യം ചെയ്യുന്നതിനു് ഉദ്ദേശിച്ചിട്ടുള്ളതാണോ?

ശ്രീ. എൽ. എം. പൈലി: അല്ല.

ശ്രീ. എ. പി. ഉദയഭാനു: ആ സ്കീം കൊണ്ടു് ഈ പ്രാവശ്യവും സാധ്യം ചെയ്യുവാൻ അല്ലെങ്കിൽ ടാക്കിംചെയ്യുന്നതിനു് സഹായിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽ. എം. പൈലി: സഹായിച്ചേക്കും.

ശ്രീ. ടി. വി. ദേവൻ: നാട്ടിൽപുറങ്ങളിൽ തോട്ടിന്റെ വക്കത്തും മറ്റുമുള്ള പുറമ്പോക്കുസ്ഥലങ്ങളും ഇങ്ങനെയുള്ള താമസക്കാർക്ക് പതിച്ചുകൊടുക്കുവാൻ ആലോചിക്കുമോ?

ശ്രീ. എൽ. എം. പൈലി: ആലോചിക്കാം.

ശ്രീ. എ. താണുപിള്ള: ആകെക്കൂടി എത്രകുടുംബങ്ങളും ഈ രീതിയിൽ ഉണ്ടാകും.

ശ്രീ. എൽ. എം. പൈലി: ഇപ്പോഴുള്ള അറിവു വച്ചു ഒൻപതു കുടുംബങ്ങളും എന്നാണു്.

സെന്റ് ജോസഫ് ആശുപത്രി

*൩൪. (൪൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) മഞ്ഞുമ്മൽ സെന്റ് ജോസഫ് ആശുപത്രിക്കു്, അതിന്റെ ദീർഘകാലസേവനത്തേയും ഭാരിച്ച ചെലവിനേയും പരിഗണിച്ചുകൂടുതൽ ഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വല്ല നിവേദനവും ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

മുഖ്യമന്ത്രി (ശ്രീ. സി കേശവൻ):

(എ) ഉണ്ടു്.

(ബി) മെഡിക്കൽ സ്ഥാപനങ്ങൾക്കു് നൽകുന്ന സഹായധനം ക്രമീകരിക്കുവാനുള്ള രണ്ടു പദ്ധതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്. മഞ്ഞുമ്മൽ ആശുപത്രിയിലെ കാര്യവും ഇതോടൊന്നിച്ചു് ആലോചിക്കുന്നതാണു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ നിവേദനം എന്നാണു് ഗവണ്മെന്റിന്റെ കയ്യിൽ കിട്ടിയതെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ബഹു. മെമ്പറുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടു്. അതു് ഫൻഡ് മേയി ന്റ ഫ്രാങ്ക-യാണു്.

ശ്രീ അലക്സാണ്ടർ വാകയിൽ: ഈ ആശുപത്രി നടത്തിയുടങ്ങിയിട്ടു് എത്ര കാലമായി?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതിനു എന്തു ഗ്രാന്റാണു് കൊടുത്തുവന്നിരുന്നതു്?

ശ്രീ. സി. കേശവൻ: അതിനും നോട്ടീസു വേണം.

ശ്രീ. അലക്സാണ്ടർ വാകയിൽ: കൊച്ചിയിൽ ഒരു എയിഡഡ് ഡിസ്പെൻസറിക്കു പ്രതിമാസം ൨, ൦൦൦ രൂപയാണു് നൽകിവരുന്നതെന്നു അറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതു് അന്വേഷിച്ചു, അതുപോലെ തിരുവിതാംകൂറിലും നൽകാമോ?

ശ്രീ. സി. കേശവൻ: കൊച്ചിയിൽ ൨, ൦൦൦ രൂപാ നൽകുന്നുണ്ടായെന്നു അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly